## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1722** 04.12 2015-ൽ മറുപടിക്ക്

# 'ശുചിത്വ ഗ്രാമം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കെ.ബഷീർ** | **ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) **'ശുചിത്വ ഗ്രാമം' എന്ന പേരിൽ ഒരു പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?** | (എ) ഉണ്ട്. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായ ശുചിത്വ ഗ്രാമം പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു. പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br>1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകൽ.<br>2. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അംഗീകാരം നൽകുക.<br>3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ളതും കേന്ദ്ര പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.<br>ശുചിത്വ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമങ്ങളിൽ ഉണ്ടാകുന്ന മാലിന്യം പരമാവധിയും ഗാർഹിക, വികേന്ദ്രീകൃത പൊതു സംവിധനങ്ങളിലൂടെ സംസ്കരിക്കുകയും അതിലൂടെ വൃത്തിയുള്ള ഗ്രാമങ്ങൾ സൃഷ്ടിക്കുക. ഇതിനായി ജനങ്ങളുടെ സഹകരണം ഉറപ്പാക്കി അവർ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മനോഭാവം രൂപീകരിക്കുക എന്നതാണ് പ്രധാന ലക്ഷ്യങ്ങൾ. ഇതിനായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. |

1. ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമെങ്കിൽ പൊതു ഖരമാലിന്യ പരിപാലന സംവിധാനം സൃഷ്ടിക്കുക, നിലവിലുളള പൊതു സംവിധാനങ്ങളുടെ അറ്റകുറ്റ പണി നടത്തി മാലിന്യ പരിപാലനം ഉറപ്പാക്കുക.

2. കമ്മ്യൂണിറ്റി തലത്തിലും സ്ഥാപന തലങ്ങളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകുക.

3. ഗാർഹിക തലത്തിൽ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പരമാവധി അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക. ഇതിലൂടെ പൊതു സ്ഥലത്തെത്തുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക.

4. ഗാർഹിക കക്കൂസ്/കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സ് നിർമ്മിച്ചു നൽകാൻ സഹായം നൽകുക.

5. അറവുശാല നിർമ്മാണം അഥവാ നവീകരണം

6. സ്ഥാപനങ്ങൾക്ക് മാതൃക ദ്രവമാലിന്യ പരിപാലന പദ്ധതി

7. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുക.

8. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകൾക്ക് വിവരം ലഭ്യമാക്കുകയും പഞ്ചായത്തുകൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ സാങ്കേതിക പരിശോധന നടത്തുകയും ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സഹായം നൽകുകയും പ്രോജക്ടിന് സാമ്പത്തികസഹായം (അംഗീകൃത സർക്കാർ വിഹിതം) നൽകി വരുന്നു.

സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായും ഗ്രാമ പഞ്ചായത്തുകൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസുകൾ, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സുകൾ, ഖരമാലിന്യ പരിപാലനം എന്നിവയക്കുളള സഹായവും നൽകി വരുന്നുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ